ഓപ്പറേഷൻ ശക്തി

16 [5973] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ഫെബ്രുവരി മാസം കെ. എസ്. ഇ. ബി. ഓഫീസുകളിൽ വിജിലൻസ് വിഭാഗം "ഓപ്പറേഷൻ ശക്തി" എന്ന പേരിൽ റെയ്ഡ് നടത്തിയിട്ടുണ്ടോ;

(ബി) ഓപ്പറേഷൻ ശക്തി എന്ന പേരിലുള്ള റെയ്ഡുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല

(സി) കുറ്റക്കാരെന്ന് കണ്ടെത്തിയ 176 ജീവനക്കാരിൽ ഗുരുതരമായ കൃത്യ വിലോപം നടത്തിയ 4 പേരെ സസ്പെന്റ് ചെയ്തു. മറ്റ് 172 പേരുടെ മേൽ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

കാർഷിക മേഖലക്കായി പുതിയ ജലസംഭരണികൾ

17 [5974] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ സംരക്ഷണത്തിനും കൃഷി വ്യാപിപ്പിക്കുന്നതിനുമായി സംസ്ഥാനത്ത് കൂടുതൽ ജലസംഭരണികൾ പണിയുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് എവിടെയെല്ലാം പുതിയ ജലസംഭരണികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എന്ത് തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാർഷിക മേഖലയുടെ സംരക്ഷണത്തിനും കൃഷി വ്യാപിപ്പിക്കുന്നതിനുമായി സംസ്ഥാനത്ത് കൂടുതൽ ജലസംഭരണികൾ പണിയുന്നതിനായി പുതിയ വൻകിട, ഇടത്തരം, ചെറുകിട ജലസേചന പദ്ധതികൾ നിർമ്മിക്കുവാനായി പഠനവേഷണ ജോലികൾ നടത്തിവരുന്നു.

(ബി) ചാലിയാർ, മൂന്നാം കടവ്, മുക്കം കടവിൽ ഒരു റഗുലേറ്റർ-കം-ബ്രിഡ്ജ്, പലകപ്പാണ്ടി ഡൈവേർഷൻ സ്കീം, പാപാർ, കബിനി, മീനച്ചിൽ, ആറളം, വാമനപുരം, കുരിയാർകുറ്റി, കാരപ്പാറ, (തേക്കടിയാർ പദ്ധതി) അട്ടപ്പാടി, ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ്, നെല്ലായി റെഗുലേറ്റർ കം ബ്രിഡ്ജ് എന്നിവയാണ് അവ കൂടാതെ 56 തടയണകളുടെ പഠനവേഷണം നടന്നുകൊണ്ടിരിക്കുന്നു.

(സി) ഈ സാമ്പത്തിക വർഷം 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly